പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2942 **29-10-2026-ൽ മറുപടിയ്ക്ക്**

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. സജി ചെറിയാൻ	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) വിഭാഗത്തിൽ 80 ഒഴിവുകളും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക് ട്രിക്കൽ) വിഭാഗത്തിൽ 1 ഒഴിവും നിലവിലുണ്ട്.

(ബി) നിലവിൽ പ്രസ്തുത തസ്തികയുടെ പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും നിയമനം വൈകുന്നതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

മറുപടി: അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. പ്രസ്തുത റിക്രൂട്ട്മെന്റിനായി എഴുത്തുപരീക്ഷ കഴിഞ്ഞ് ഇന്റർവ്യൂ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം പി.എസ്.സി. അഡ്വൈസ് നടപടികൾ പൂർത്തീകരിക്കുന്നതനുസരിച്ച് നിയമനം നൽകുന്നതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. നിലവിലുള്ള ഒരു ഒഴിവിലേക്ക് പി.എസ്.സി. അഡ്വൈസ് നൽകിയതിൻ പ്രകാരം പൊതുമരാമത്ത് ഭരണവിഭാഗം നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൂന്നു മാസമായി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ